**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിർത്തലാക്കിയ വികസന അതോറിറ്റികൾ മുഖേന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എടുത്തിരുന്ന വായ്പാകുടിശ്ശിക തീർത്ത് ഉപഭോക്താക്കളുടെ ആധാരം തിരികെ നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 657/2016/തസ്വഭവ.     തിരുവനന്തപുരം, തീയതി: 17/02/2016**

---

പരാമർശം:- (1) 15.03.2014 ലെ സ.ഉ.(സാധാ)നം. 765/2014/തസ്വഭവ നമ്പർ ഉത്തരവ്.
(2) 23.03.2015 ലെ സ.ഉ.(സാധാ)നം.843/15/തസ്വഭവ നമ്പർ ഉത്തരവ്.
(3) 09.01.2015 ലെ പഞ്ചായത്ത് ഡയറക്ടറുടെ ജെ2-814/15 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം രണ്ടിലെ ഉത്തരവിൻ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നുമെടുക്കുന്ന വായ്പയുടെ കുടിശ്ശിക 2014-15 ലെ വാർഷിക പദ്ധതിയിൽ ചെലവാകാത്ത തുകയിൽ നിന്നും തിരിച്ചടയ്ക്കുവാൻ ഉത്തരവായിരുന്നു. കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പയുടെ മുഴുവൻ കുടിശ്ശികയും പൂർണ്ണമായും ഒടുക്കിയെങ്കിൽ മാത്രമേ നിർത്തലാക്കിയ ആലപ്പുഴ വികസന അതോറിറ്റി മുഖേന കെ. യു. ആർ.ഡി.എഫ്.സി യിൽ നിന്നും വായ്പയെടുത്ത വിവിധ പഞ്ചായത്തുകളിലെ ഗുണഭോക്താക്കളുടെ ആധാരം തിരികെ നൽകുവാൻ കഴിയുകയുള്ളുവെന്ന് പരാമർശം മൂന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2) നിർത്തലാക്കിയ വികസന അതോറിറ്റികൾ മുഖേന കെ. യു. ആർ.ഡി.എഫ്.സി യിൽ നിന്നും വായ്പയെടുത്തിരുന്ന ആലപ്പുഴ ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ ഗുണഭോക്താക്കളുടെ ആധാരം തിരികെ നൽകുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. നിർത്തലാക്കിയ വികസന അതോറിറ്റികൾ മുഖേന കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും എടുത്ത വായ്പാകുടിശ്ശിക ഇനിയും തിരിച്ചടയ്ക്കാനുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ടി കുടിശ്ശിക തീർത്ത് ഗുണഭോക്താക്കൾക്ക് ആധാരം തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**എൻ. വിശ്രുതൻ ആചാരി**
**അണ്ടർ സെക്രട്ടറി**

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)